Bishop George Madathikandathil
Eparchy of Kothamangalam
0485 2862236
madathikandathil@gmail.com

Bishop's House, P.B. No. 6
Kothamangalam - 686 691, Kerala, India

10-03-2020

മിശിഹായിൽ പ്രിയ വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

കൊറോണ വൈറസ് (കോവിഡ് 19) അപകടകരമാംവിധം വ്യാപിച്ചുകൊണ്ടിരിക്കുകയാണല്ലോ. ബഹു. കേരള മുഖ്യമന്ത്രിയും ആരോഗ്യവകുപ്പും നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നമ്മുടെ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും സ്വീകരിക്കേണ്ട മുൻകരുതലുകൾ നിങ്ങളെ അറിയിക്കുകയാണ്.

1 2020 മാർച്ച് 31-ാം തീയതി വരെ ഇടവകകളിലെ വിശ്വാസപരിശീലന ക്ലാസ്സുകൾ, ധ്യാനങ്ങൾ, കുടുംബയൂണിറ്റ് മീറ്റിംഗുകൾ, കൺവെൻഷനുകൾ, തീർത്ഥാടനങ്ങൾ, ഊട്ടുനേർച്ച എന്നിവ ഉൾപ്പെടെ സാധിക്കുന്ന എല്ലാ ഒത്തുചേരലുകളും ആഘോഷങ്ങളും ഒഴിവാക്കേണ്ടതാണ്.

2 ദൈവാലയത്തിൽ വി. കുർബാനയർപ്പണം മാത്രം മതിയാകും. വി. കുർബാന ഈശോയുടെ തിരുശരീരത്തിന്റെ സാദൃശ്യത്തിൽ മാത്രം കൈകളിൽ സ്വീകരിക്കുക. വി. കുർബാന നൽകുന്നവർ അതിന് തൊട്ടുമുമ്പായി സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കേണ്ടതാണ്. സമാധാന ആശംസ കൂപ്പുകൈകളോടെ പരസ്പരം ആശംസിക്കുക; കൈകളിൽ സ്പർശിക്കേണ്ടതില്ല.

3 ദൈവാലയകവാടത്തോട് ചേർന്ന് ഹന്നാൻവെള്ളം സൂക്ഷിക്കേണ്ടതില്ല. ഹന്നാൻ വെള്ളത്തിൽ വിരൽതൊട്ട് കുരിശ് വരയ്ക്കുന്നത് ഒഴിവാക്കാനാണിത്.

4 ദൈവാലയത്തിലെ തിരുസ്വരൂപങ്ങൾ, വിശുദ്ധ വസ്തുക്കൾ ഇവ തൊട്ടുമുത്തുകയോ ചുംബിക്കുകയോ ചെയ്യുന്നതിന് പകരം കൈക്കൂപ്പി വണങ്ങിയാൽ മതിയാകും.

5 മൃതസംസ്ക്കാരശുശ്രൂഷയ്ക്ക് ജനപങ്കാളിത്തം പരമാവധി കുറയ്ക്കുക. മൃതദേഹം ചുംബിക്കുന്നത് ഒഴിവാക്കണം.

6 വ്യക്തിപരമായ പ്രാർത്ഥനകളിലും കുടുംബപ്രാർത്ഥനയിലും ഇടവകകളിലെ ആരാധാനാശുശ്രൂഷകളിലും പകർച്ച വ്യാധികളിൽ നിന്നുള്ള വിടുതലിനും പ്രത്യേകസംരക്ഷണത്തിനുമായി പ്രാർത്ഥിക്കുകയും പരിശുദ്ധ അമ്മയുടെയും മറ്റ് വിശുദ്ധരുടെയും സംരക്ഷണം അപേക്ഷിക്കുകയും ചെയ്യുക.

7 ഈ വിഷയവുമായി ബന്ധപ്പെട്ട് കേരളസർക്കാരും ആരോഗ്യവകുപ്പും നൽകുന്ന നിർദ്ദേശങ്ങൾ എല്ലാവരും കർശനമായി പാലിക്കേണ്ടതാണ്. രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻതന്നെ ചികിത്സ തേടുക. മറ്റുള്ളവരുമായുള്ള സമ്പർക്കം ഒഴിവാക്കാൻ പൊതുപരിപാടികളിൽ പങ്കെടുക്കാതിരിക്കുക.

പരിഭ്രാന്തി പരത്തുകയോ ഭയപ്പെടുകയോ ചെയ്യാതെ ജാഗ്രതയോടെ ഈ പ്രശ്നത്തെ നേരിടാൻ നമുക്ക് പരിശ്രമിക്കാം. നമ്മുടെ സർക്കാരും ആരോഗ്യരംഗത്ത് പ്രവർത്തിക്കുന്നവരും ചെയ്യുന്ന സേവനങ്ങളെ നന്ദിയോടെ ഓർക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യാം. ഈ പകർച്ചവ്യാധിയിൽ നിന്ന് ലോകത്തെ രക്ഷിക്കണമേ എന്ന് സർവശക്തനായ ദൈവത്തോട് നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

സ്നേഹപൂർവം,

MAR GEORGE MADATHIKANDATHIL
LOVE NEVER ENDS...
BISHOP OF KOTHAMANGALAM

+ G Madathikandathil

**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
കോതമംഗലം രൂപതാദ്ധ്യക്ഷൻ

വി. കുർബാനയിലെ കാറോസൂസ പ്രാർത്ഥനയോട് ചേർത്ത് താഴെ കൊടുത്തിരിക്കുന്ന പ്രാർത്ഥന ചൊല്ലേണ്ടതാണ്.

**കാറോസൂസ പ്രാർത്ഥന**

രോഗികളെ സുഖപ്പെടുത്തുകയും ദുഃഖിതരെ ആശ്വസിപ്പിക്കുകയും ചെയ്യുന്ന കാരുണ്യവാനായ കർത്താവേ, കൊറോണാ വൈറസ് മൂലം രോഗബാധിതരായിക്കഴിയുന്ന ലോകമെമ്പാടുമുള്ള ഞങ്ങളുടെ സഹോദരങ്ങളെ സുഖപ്പെടുത്തണമെന്നും രോഗബാധയിൽ നിന്ന് ഞങ്ങളെയും രോഗീശുശ്രൂഷകരെയും സംരക്ഷിക്കണമെയെന്നും ഈ പകർച്ചവ്യാധിയെ പ്രതിരോധിക്കുവാൻ ആവശ്യമായ മാർഗങ്ങൾ കണ്ടെത്തുവാൻ സഹായിക്കണമെന്നും അങ്ങയോട് ഞങ്ങൾ പ്രാർത്ഥിക്കുന്നു.

സമൂഹം: കർത്താവേ ഞങ്ങളുടെ പ്രാർത്ഥന കേൾക്കണമെ.

Scanned with CamScanner